(ഡി) 1. രണ്ട് പോസ്റ്ററുകൾ അച്ചടിച്ചു.

2. 350 ബാനറുകൾ നിർമ്മിച്ചു.

3. സി.ഡിറ്റിനെക്കൊണ്ട് 25 മിനിറ്റു നീണ്ടു നിൽക്കുന്ന സർക്കാരിന്റെ നേട്ടങ്ങൾ കാണിക്കുന്ന ഒരു വീഡിയോ ഡോക്കുമെന്ററി നിർമ്മിച്ചു.

4. സി.ഡിറ്റിനെക്കൊണ്ട് 10 ഫില്ലറുകളും അഞ്ചു സ്പോട്ടുകളും നിർമ്മിച്ചു. വ്യത്യസ്ത വകുപ്പുകളുടെ നേട്ടങ്ങൾ വിവരിക്കുന്നതാണ് ഇവ.

(ഇ) തുക നല്കിയിട്ടില്ല.

പ്രചാരണ സാഹിത്യങ്ങൾ

22 (22) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എന്തെല്ലാം പ്രചാരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) ഇവയ്ക്കുവേണ്ടി ആകെ എത്ര ടൺ കടലാസ് ആവശ്യമായി വന്നിട്ടുണ്ട് ; അച്ചടിക്കൂലി, കടലാസ് മറ്റു നേരിട്ടുള്ള ചിലവുകൾ, ഓവർ ഹെഡ് ചാർജ്ജസ് എന്നീയിനങ്ങളിൽ ഇവയ്ക്കുവേണ്ടി എന്തു തുക ഇതുവരെ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും മലയാളത്തിൽ 210 പ്രചാരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 48 പ്രചാരണ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(ബി) ടി പ്രസിദ്ധീകരണങ്ങൾ സാധാരണയായി സർക്കാർ പ്രസുകളിലും അർദ്ധ സർക്കാർ പ്രസുകളിലുമാണ് അച്ചടിച്ചു വരുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെയും മറ്റിനങ്ങളിലുള്ള ചെലവുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച പ്രസിദ്ധീകരണങ്ങൾ

23 (23) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയുടെ 4-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly